പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ഡിസംബർ 12, തിങ്കളാഴ്ച

**നമ്പർ 90**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 2022 ആഗസ്റ്റ് 23-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ചു.

അടിയന്തര പ്രമേയം :

പോലീസ് സേനയിൽ ക്രിമിനലുകളുടെ സ്വാധീനവും പോലീസുകാർ പ്രതികളാകുന്ന കേസുകൾ വർദ്ധിക്കുന്നതും കേസ് അന്വേഷണത്തിൽ വീഴ്ച സംഭവിക്കുന്നതും കാരണം ക്രമസമാധാനനില സംബന്ധിച്ച് സമൂഹത്തിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. എസ്. സുപാൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1698/2022 (i).

(2) സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ സൃഷ്ടിക്കുന്ന ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എൻ. ഷംസുദ്ദീൻ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | ഇടുക്കി പട്ടയഭൂമിയിലെ ഭൂവിനിയോഗ പ്രശ്നങ്ങൾ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. സണ്ണി ജോസഫ് | ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. സി. സി. മുകുന്ദൻ | നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. അനൂപ് ജേക്കബ് | എ.വി.ഐ.പി., പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | കനാലുകളിലെയും ചാലുകളിലെയും ജലനിർഗ്ഗമനം സുഗമമാക്കൽ | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. തോമസ് കെ. തോമസ് | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. റോജി എം. ജോൺ | ഗിഫ്റ്റ് സിറ്റിക്ക് ഭൂമി വിട്ടുനൽകിയ ഭൂവുടമകളുടെ പ്രശ്നങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ടി. എ. റഹീം | പൊൻപാറക്കുന്ന് ലൈഫ് ഭവന സമുച്ചയം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. ടി. പി. രാമകൃഷ്ണൻ | ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം | തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. കെ. അക്ബർ | ചാവക്കാട് മുല്ലത്തറയിലും മന്ദലാംകുന്നിലും അടിപ്പാത നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 11 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള റോഡുകളുടെ നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 12 | ശ്രീ. എം. വിജിൻ | കല്യാശ്ശേരിയിലും എടാട്ട് ജംഗ്ഷനിലും അണ്ടർ പാസേജ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 13 | ശ്രീ. ജോബ് മൈക്കിൾ | കോമങ്കരിച്ചിറ-അംബേദ്കർ കോളനി-എ.സി. റോഡ് പുനരുദ്ധാരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 14 | ശ്രീമതി കാനത്തിൽ ജമീല | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 15 | ശ്രീ. ലിന്റോ ജോസഫ് | കേരളത്തിലെ കായികരംഗം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 16 | ശ്രീ. കെ.പി.എ. മജീദ് | വഖഫ് ഭൂമി കയ്യേറ്റം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ പ്രവർത്തന അവലോകനം, വൈദ്യുതി മേഖലയിലെ അപകടങ്ങൾ തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII ന്റെ പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചു.

നിയമനിർമ്മാണകാര്യം :

I. 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ അവതരിപ്പിക്കുകയും, ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. നന്ദകുമാറും, ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. രമേശ് ചെന്നിത്തല ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സണ്ണി ജോസഫും അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ വോട്ടിനിട്ട് തള്ളുകയും ചെയ്തു. തുടർന്ന്, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ചുവടെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

1. ശ്രീ. വി. എൻ. വാസവൻ (സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി)
2. ശ്രീ. പി. അബ്ദുൽ ഹമീദ്
3. ശ്രീ. ഇ. ചന്ദ്രശേഖരൻ
4. ശ്രീ. വി. ജോയി
5. ശ്രീ. കോവൂർ കുഞ്ഞുമോൻ
6. ശ്രീ. ടി. ഐ. മധുസൂദനൻ

7. ഡോ. മാത്യു കുഴൽനാടൻ

8. ശ്രീ. മോൻസ് ജോസഫ്

9. ശ്രീമതി കെ. കെ. രമ

10. ശ്രീമതി ശാന്തകുമാരി കെ.

11. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

12. ശ്രീ. വി. ആർ. സുനിൽകുമാർ

13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

15. ശ്രീ. തോമസ് കെ. തോമസ്

II. സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

1. 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021 - ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021 - ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന്, രണ്ട് പ്രമേയങ്ങളിന്മേലുമുള്ള ചർച്ച ഒരുമിച്ച് നടത്തി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് സംസാരിച്ചു.

2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച് സംസാരിച്ചു.

2022-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും

അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, സഭ തള്ളുകയും ചെയ്തു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഭേദഗതികളൊന്നും കൂടാതെയും, 2022-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതിയോടു കൂടിയും സഭ പാസ്സാക്കി.

<u>പീഠിക</u>

In the enacting formula, for the words and symbol "Seventy-second" the words and symbol "Seventy-third" shall be substituted.

2. <u>2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ</u>

പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022 - ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന്, രണ്ട് പ്രമേയങ്ങളിന്മേലുമുള്ള ചർച്ച ഒരുമിച്ച് നടത്തി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ അംഗം ശ്രീ. എ. കെ. എം. അഷ്റഫ് സംസാരിച്ചു.

2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച് സംസാരിച്ചു.

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, സഭ തള്ളുകയും ചെയ്തു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

2022 - ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

ഒന്നാം വകുപ്പ്

ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

രണ്ടാം വകുപ്പ്

ഖണ്ഡം 2-ൽ "ചേർക്കേണ്ടതാണ്" എന്നതിനു ശേഷമുള്ള " ; " എന്ന ചിഹ്നത്തിന് പകരം " . " എന്ന ചിഹ്നം ചേർക്കുക.

മൂന്നാം വകുപ്പ്

ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3 എ വകുപ്പിന്റെ മാർജിനൽ ശീർഷകത്തിൽ "3 എ" എന്നതിനു ശേഷം "." ചിഹ്നം ചേർക്കുക.

നാലാം വകുപ്പ്

ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പത്തു" എന്നതിന് പകരം " പത്ത് " എന്ന് ചേർക്കുക.

2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തത്വപ്രഖ്യാപന വാക്യം

In the enacting formula, for the figure and word "4as" the word "as" shall be substituted.

രണ്ടാം വകുപ്പ്

1. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word " fireman" the word " tyreman" shall be substituted.

2. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word " workers," the word "worker" shall be substituted.

3. In section 2(d) proposed to be inserted in the principal Act by Clause 2(a), the figure “4” occurring after the word and symbol “ workers,” shall be deleted.

4. In section 2(d) proposed to be inserted in the principal Act by Clause 2(a), before the words “worker notified”, the word “and” shall be inserted.

5. In section 2(e) proposed to be inserted in the principal Act by Clause 2(b), between the words “and ” and “person” the word “the” shall be inserted.

<u>അഞ്ചാം വകുപ്പ്</u>

1. In section 12B proposed to be inserted in the principal Act by Clause 5, after the word “self” the symbol “-” shall be inserted.

2. In section 12B proposed to be inserted in the principal Act by Clause 5, for the word and figure “ Motor4” the word “Motor” shall be substituted.

<u>ആറാം വകുപ്പ്</u>

In section 24(2) proposed to be inserted in the principal Act by Clause 6, after the figures and word “1991 and”, the word “the” shall be inserted wherever it occurs.

2022 ഡിസംബർ 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.18-ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Seventh Session

# BULLETIN—PART I

*(Brief Record of Proceedings)*

Monday, December 12, 2022

**No. 90**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question:*

The Corrected answer to Unstarred question No. 153 dated 23rd August, 2022 of Sixth session of the Fifteenth Kerala Legislative Assembly was laid on the Table by Shri Pinarayi Vijayan, Chief Minister.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and five other Members regarding the serious situation reported to have arisen consequent to the concern in the society due to increasing influence of criminals in Police force, increasing number of cases involving the policemen as accused and the failure of the investigation of the cases.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri P. S. Supal called the attention of the Minister for Revenue and Housing to the necessity to allot land to all deserving landless people in the State. The Minister made a statement thereto.

KNPP. 1698/2022 (ii).

2. Shri N. Samsudheen called the attention of the Minister for General Education and Labour to the necessity to address the concerns created by the steps taken to restructure school curriculum in the State. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. വി. ഡി. സതീശൻ | ഇടുക്കി പട്ടയഭൂമിയിലെ ഭൂവിനിയോഗ പ്രശ്നങ്ങൾ | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. സണ്ണി ജോസഫ് | ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. സി. സി. മുകുന്ദൻ | നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. അനൂപ് ജേക്കബ് | എ.വി.ഐ.പി., പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. കെ. ഡി. പ്രസേനൻ | കനാലുകളിലെയും ചാലുകളിലെയും ജലനിർഗ്ഗമനം സുഗമമാക്കൽ | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. തോമസ് കെ. തോമസ് | കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7. | ശ്രീ. റോജി എം. ജോൺ | ഗിഫ്റ്റ് സിറ്റിക്ക് ഭൂമി വിട്ടുനൽകിയ ഭൂവുടമകളുടെ പ്രശ്നങ്ങൾ | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ടി. എ. റഹീം | പൊൻപാറക്കുന്ന് ലൈഫ് ഭവന സമുച്ചയം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | ശ്രീ. ടി. പി. രാമകൃഷ്ണൻ | ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം | തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി |
| 10 | ശ്രീ. എൻ. കെ. അക്ബർ | ചാവക്കാട് മുല്ലത്തറയിലും മന്ദലാംകുന്നിലും അടിപ്പാത നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 11 | ശ്രീ. ടി. വി. ഇബ്രാഹിം | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള റോഡുകളുടെ നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 12 | ശ്രീ. എം. വിജിൻ | കല്യാശ്ശേരിയിലും എടാട്ട് ജംഗ്ഷനിലും അണ്ടർ പാസേജ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 13 | ശ്രീ. ജോബ് മൈക്കിൾ | കോമങ്കരിച്ചിറ-അംബേദ്കർ കോളനി-എ.സി. റോഡ് പുനരുദ്ധാരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 14 | ശ്രീമതി കാനത്തിൽ ജമീല | കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 15 | ശ്രീ. ലിന്റോ ജോസഫ് | കേരളത്തിലെ കായികരംഗം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |
| 16 | ശ്രീ. കെ.പി.എ. മജീദ് | വഖഫ് ഭൂമി കയ്യേറ്റം | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The special report of the Subject Committee VII on the review of activities of ANERT and Energy Management Center, and prevention of accidents in the electricity sector was presented.

*Legislative Business :*

I. *Introduction and motion for reference to Select Comittee of the Kerala Co- operative Societies (Third Amendment) Bill, 2022*

Shri V. N. Vasavan, Minister for Co-operation, Registration and Culture introduced the Kerala Co-operative Societies (Third Amendment) Bill, 2022 and moved that the Bill be referred to a Select Committee. Shri P. Nandakumar as authorised by Shri G. Steephen moved an amendment to circulate the Bill for eliciting public opinion and Shri Sunny Joseph as authorised by Shri Ramesh Chennithala moved another amendment for referring the Bill to appropriate Subject Committee and spoke.

After discussion and reply by the Minister for Co-operation, Registration and Culture, the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment for referring the Bill to a Subject Committee was put to vote and declared lost. Then the Motion for referring the Kerala Co-operative Societies (Third Amendment) Bill, 2022 to a Select Committee was adopted and the Bill was referred to a Select Committee with the following Members.

1. Shri V. N. Vasavan, Minister for Co-operation, Registration and Culture.
2. Shri P. Abdul Hameed
3. Shri E. Chandrasekharan
4. Shri V. Joy
5. Shri Kovoor Kunjumon
6. Shri T. I. Madhusoodanan
7. Dr. Mathew Kuzhalnadan

8. Shri Mons Joseph
9. Smt. K. K. Rema
10. Smt. Santhakumari K.
11. Shri Sebastian Kulathunkal
12. Shri V. R. Sunil Kumar
13. Shri Sunny Joseph
14. Shri Kadakampally Surendran
15. Shri Thomas K. Thomas.

II. Motion for Consideration and further stages of the following Bills as reported by the Subject Committee :

1. *The Kerala Protection of River Banks and Regulation of Removal of Sand (Amendment) Bill, 2022 and*

2. *The Kerala Land Reforms (Amendment) Bill, 2021*

Shri K. Rajan, Minister for Revenue and Housing moved the Motions that The Kerala Protection of River Banks and Regulation of Removal of Sand (Amendment) Bill, 2022 and The Kerala Land Reforms (Amendment) Bill, 2021 as reported by the Subject Committee be taken up for consideration. The discussion on motions were held together.

Shri N. A. Nellikunnu who recorded his dissent to the Subject Committee Reports spoke.

Shri Najeeb Kanthapuram as authorised by Dr. M. K. Muneer moved an amendment to circulate The Kerala Protection of River Banks and Regulation of Removal of Sand (Amendment) Bill, 2022 for obtaining public opinion and spoke. Shri P. Mammikutty as authorised by Shri K. V. Sumesh moved another amendment to recommit the Bill to the same Subject Committee and spoke.

Shri E. K. Vijayan as authorised by Shri G. S. Jayalal moved an amendment to circulate The Kerala Land Reforms (Amendment) Bill, 2021 for obtaining public opinion and spoke. Shri P. Ubaidulla as authorised by Prof. Abid Hussain Thangal moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments were withdrawn by the leave of the House or declared lost. Then the Bills as reported by the Subject Committee were taken into consideration and The Kerala Protection of River Banks and Regulation of Removal of Sand (Amendment) Bill, 2022 was passed without any amendments and The Kerala Land Reforms (Amendment) Bill, 2021 with the following amendment.

പീഠിക

In the enacting formula, for the words and symbol "Seventy-second" the words and symbol "Seventy-third" shall be substituted.

2. *The Kerala Abkari Workers' Welfare Fund (Amendment) Bill, 2022 and*

*The Kerala Motor Transport Workers' Welfare Fund (Amendment) Bill, 2022*

Shri V. Sivankutty, Minister for General Education and Labour moved the Motions that The Kerala Abkari Workers' Welfare Fund (Amendment) Bill, 2022 and The Kerala Motor Transport Workers' Welfare Fund (Amendment) Bill, 2022 as reported by the Subject Committee be taken up for consideration. The discussion on motions were held together.

Shri A. K. M. Ashraf who recorded his dissent to the Subject Committee Reports spoke.

Shri M. Rajagopalan as authorised by Shri P. P. Chitharanjan moved an amendment to circulate The Kerala Abkari Workers' Welfare Fund (Amendment) Bill, 2022 for obtaining public opinion and spoke. Shri T. Siddique as authorised by Shri Saneeshkumar Joseph moved another amendment to recommit the Bill to the same Subject Committee and spoke.

Shri T. I. Madhusoodanan as authorised by Dr. K. T. Jaleel moved an amendment to circulate The Kerala Motor Transport Workers' Welfare Fund (Amendment) Bill, 2022 for obtaining public opinion and spoke. Shri A. P. Anil Kumar moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments were withdrawn by the leave of the House or declared lost. Then the Bills as reported by

the Subject Committee were taken into consideration and the bills were passed with the following amendments.

*The Kerala Abkari Workers' Welfare Fund (Amendment) Bill, 2022*

*Clause 1*

ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

*Clause 2*

ഖണ്ഡം 2-ൽ “ചേർക്കേണ്ടതാണ്” എന്നതിനു ശേഷമുള്ള “ ; ” എന്ന ചിഹ്നത്തിന് പകരം “ . ” എന്ന ചിഹ്നം ചേർക്കുക.

*Clause 3*

ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3 എ വകുപ്പിന്റെ മാർജിനൽ ശീർഷകത്തിൽ "3 എ" എന്നതിനു ശേഷം "." ചിഹ്നം ചേർക്കുക.

*Clause 4*

ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പത്തു" എന്നതിന് പകരം " പത്ത് " എന്ന് ചേർക്കുക.

*The Kerala Motor Transport Workers' Welfare Fund (Amendment) Bill, 2022*

*തത്വപ്രഖ്യാപന വാക്യം*

In the enacting formula, for the figure and word “4as” the word “as” shall be substituted.

*Clause 2*

1. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word “ fireman” the word “tyreman” shall be substituted.

2. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word “ workers,” the word “worker” shall be substituted.

3. In section 2(d) proposed to be inserted in the principal Act by Clause 2(a), the figure “4” occurring after the word and symbol “ workers,” shall be deleted.

4. In section 2(d) proposed to be inserted in the principal Act by Clause 2(a), before the words “worker notified”, the word “and” shall be inserted.

5. In section 2(e) proposed to be inserted in the principal Act by Clause 2(b), between the words “and ” and “person” the word “the” shall be inserted.

*Clause 5*

1. In section 12B proposed to be inserted in the principal Act by Clause 5, after the word “self” the symbol “-” shall be inserted.

2. In section 12B proposed to be inserted in the principal Act by Clause 5, for the word and figure “ Motor4” the word “Motor” shall be substituted.

*Clause 6*

In section 24(2) proposed to be inserted in the principal Act by Clause 6, after the figures and word “1991 and”, the word “the” shall be inserted wherever it occurs.

The House adjourned at 5.18 p.m. to meet again at 9.00 a.m. on Tuesday December 13, 2022.

A. M. BASHEER,

*Secretary.*